പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2156

7.7.2015 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ റേറ്റിംഗ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ ;<br>ശ്രീ. ടി.എൻ. പ്രതാപൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. അൻവർ സാദത്ത് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്.<br><br>ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br><br>MoU സംവിധാനം നടപ്പിലാക്കുന്നത് വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, |

തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബി) &സി) MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല റിയാബിനേയാണ് ഏൽപ്പിച്ചിരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയ MoU-ന്റെ വിശദമായ വിലയിരുത്തൽ നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

സെക്ഷൻ ഓഫീസർ